# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *351 – 23/08/2017 - ലെ മറുപടിക്ക്**

# പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

**ചോദ്യം**
**ശ്രീ.കെ. രാജൻ**
**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീമതി. ഗീതാ ഗോപി**

**ഉത്തരം**
**ഡോ. ടി.എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പദ്ധതി പ്രവർത്തനങ്ങളുടെ വേഗതയും കാര്യക്ഷമതയും കൂട്ടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വിവിധ തലങ്ങളിൽ നിരീക്ഷണവും അവലോകനവും വിലയിരുത്തലും നടത്തുന്നുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറിയും, എല്ലാ വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളായും രൂപീകരിച്ച Plan Expenditure Review Committee ഓരോ ത്രൈമാസത്തിനു ശേഷവും തൊട്ടുമുമ്പുള്ള ത്രൈമാസത്തിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ മുഖ്യമന്ത്രി തലത്തിൽ പ്രത്യേക പദ്ധതി അവലോകന യോഗങ്ങളും ചേരാറുണ്ട്. എല്ലാ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതിക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിനു ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം ആസൂത്രണ ബോർഡിൽ നിലവിലുണ്ട്.<br>സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിൽ ആക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികളാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ 2017-18 |

| | | |
|---|---|---|
| | | സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വന്ന ധന വകുപ്പിന്റെ 30.03.2017 തീയതിയിലെ 20/2017/ധന. നമ്പർ സർക്കുലർ പ്രകാരം പദ്ധതി ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റി വയ്ക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിച്ചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതി വിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും വേണ്ടി ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ പ്രത്യേക സെൽ (Co-ordination Cell for Centrally Sponsored Scheme) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെൽ ഡൽഹിയിലെ കേരള ഹൗസിലുള്ള റസിഡന്റ് കമ്മീഷണറുമായും കേന്ദ്ര സർക്കാറിലെ വിവിധ മന്ത്രാലയങ്ങളുമായും ബന്ധപ്പെട്ട് കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് ശ്രമിക്കുന്നുണ്ട്. |
| ബി | സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസം സംസ്ഥാന വാർഷിക പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; വ്യക്തമാക്കുമോ; | 16.03.2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന പ്രത്യേക പദ്ധതി അവലോകന യോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ജൂൺ മാസാവസാനത്തിനു മുമ്പ് 60% പദ്ധതികൾക്കും ഭരണാനുമതി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്നു മാസം സംസ്ഥാന വാർഷിക പദ്ധതിയുടെ 63% പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ട്. |

| | | |
|---|---|---|
| സി | നബാർഡിന് സമർപ്പിക്കേണ്ട ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന ഫണ്ട് (RIDF), തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിൽ ആദ്യ മൂന്ന് മാസം കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ? | നബാർഡിന് സമർപ്പിക്കേണ്ട ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന ഫണ്ട് (RIDF), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിൽ ആദ്യ മൂന്ന മാസം കൈവരിച്ച പുരോഗതി യഥാക്രമം 17.51%, 5.58% ആണ്. വിശദാംശങ്ങൾ അനുബന്ധം 1, 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

Anubandham - 1

Details of RIDF Schemes as on 30.06.2017(Rs in crores)

| Sl No | Department | Scheme Name | RIDF Outlay | Expenditure | % Exp. |
|---|---|---|---|---|---|
| 1 | Animal Husbandry | Strengthening of Veterinary Services | 5 | 0 | 0 |
| 2 | Animal Husbandry | Poultry Farms and Expansion of Poultry Production | 10 | 0 | 0 |
| 3 | Animal Husbandry | Loans to Cattle Feed Manufacturing Unit at Karunagappally. | 4 | 0 | 0 |
| 4 | Animal Husbandry | Infrastructure Development of Kerala Veterinary and Animal Science University - RIDF XVI | 15 | 0 | 0 |
| 5 | Animal Husbandry | Loans to Meat Product of India Limited | 8 | 0 | 0 |
| 6 | Animal Husbandry | Loans to Cattle Feed Manufacturing Unit at Thodupuzha in Idukki (RIDF) | 8 | 0 | 0 |
| 7 | Co-operation | RIDF Assisted Scheme | 16 | 0 | 0 |
| 8 | Forest | Rural Infrastructure Development Fund-NABARD | 45 | 0.1 | 0.21 |
| 9 | Forest | Zoological Park, Wild Life Protection and Research Centre, Puthur. | 10 | 0 | 0 |
| 10 | Fisheries | RIDF | 20 | 0 | 0 |
| 11 | Fisheries | Rural Infrasturcture Development Fund (RIDF) | 35 | 2.79 | 7.97 |
| 12 | Fisheries | Fisheries and Ocean Science University | 41 | 0 | 0 |
| 13 | Higher Education | Construction of multi-storied buildings for Government Higher Secondary Schools(NABARD-RIDF) | 4 | 0 | 0 |
| 14 | I T | Land acquisition and Infrastructure Development under IT - Technopark Infopark and Cyber park - NABARD Assistance. | 4 | 0 | 0 |
| 15 | I T | Kerala State IT Infrastructure (KSITIL) | 17.5 | 0 | 0 |
| 16 | Irrigation (I & A) | Minor irrigation Class-1NABARD Assisted (RIDF) | 100 | 16.99 | 16.99 |
| 17 | Irrigation (I & A) | NABARD assistance for Chamravattom | 10 | 0 | 0 |
| 18 | Irrigation (I & A) | Pambar Basin Projects-RIDF | 40 | 0 | 0 |
| 19 | Ports | CONSTRUCTION OF MARITIME INSTITUTES UNDER RIDF XVII | 5 | 0 | 0 |
| 20 | PWD - Roads and Bridges | Establishment Charges transferred on percentage basis from 3054-Roads and Bridges | 102.64 | 58.7 | 57.19 |

| | | | | | |
|---|---|---|---|---|---|
| 21 | PWD - Roads and Bridges | Tools and Plants charges transferred on percentage basis from 3054-Roads and Bridges | 7.19 | 4.11 | 57.18 |
| 22 | PWD - Roads and Bridges | Works having NABARD assistance-Construction and Improvement of Roads | 146.29 | 32.31 | 22.09 |
| 23 | PWD - Roads and Bridges | Works having NABARD assistance-Construction and Improvement of Bridges | 138.06 | 4.35 | 3.15 |
| 24 | LSGD | RIDF (NABARD Assisted Scheme) | 10 | 0 | 0 |
| 25 | LSGD | RIDF (NABARD Assisted Scheme) | 15 | 0 | 0 |
| 26 | LSGD | RIDF (NABARD Assisted Scheme) | 10 | 0 | 0 |
| 27 | HADA | Hill Area Development Agency | 8.02 | 0 | 0 |
| 28 | Agriculture | Rural Infrastructure Development Funds (RIDF) projects | 7 | 0 | 0 |
| 29 | Agriculture | Soil and Water Conservation on Watershed Basis (RIDF)and Integrated Watershed Development Project (WDF) | 40 | 10.49 | 26.22 |
| 30 | Agriculture | Drainage & flood Protection Project under RIDF XVIII | 3 | 0.34 | 11.27 |
| 31 | Agriculture | DEVELOPMENT OF KOLE LANDS IN THRISSUR DISTRICT(NABARD ASSISTED) | 18.6 | 3.65 | 19.63 |
| 32 | Agriculture | DRAINAGE AND FLOOD PROTECTION PROJECT UNDER RIDF XIX | 6 | 3.36 | 55.98 |
| 33 | Agriculture | DRAINAGE AND FLOOD PROTECTION PROJECT UNDER RIDF XV | 0.79 | 0 | 0 |
| 34 | Agriculture | MITIGATION OF DROUGHT IN PALAKKAD DISTRICT THROUGH RENOVATION OF PONDS (RIDF ASSISTED) | 1.1 | 0 | 0 |
| 35 | Agriculture | DRAINAGE AND FLOOD PROTECTION PROJECT UNDER RIDF XVI | 2.5 | 0.22 | 8.94 |
| 36 | Agriculture | IMPROVEMENTS TO PADASEKHARMS DEEPENING OF INNER CHALS OF PONNANI KOLE | 1.4 | 0 | 0 |
| 37 | Agriculture | SAHASRA SAROVAR SCHEME & DRAINAGE AND FLOOD PROTECTION PROJECT -XX RIDF | 11.61 | 3.85 | 33.18 |
| 38 | Water Resources | NABARD Assisted Rural Water Supply Schemes Rural Infrastructure Development Fund | 100 | 47.3 | 47.31 |
| 39 | Water Resources | DEVELOPMENT OF FEEDER CANALS CONNECTING THE NATIONAL WATER WAY III (RIDF) | 50 | 0 | 0 |
| | **Total** | | **1076.7** | **188.56** | **17.51** |

അനുബന്ധം (2)

# Performance of Local Bodies (As on 30.06.2017)

(Rs. in Crores)

| Local Body | Total allocation | Expenditure till 30.06.2017 | Percentage |
|---|---|---|---|
| Village Panchayat | 3078.43 | 166.28 | 5.40 |
| Block Panchayat | 787.45 | 49.79 | 6.32 |
| District Panchayat | 787.45 | 41.51 | 5.27 |
| Municipalities | 900.95 | 58.4 | 6.48 |
| Corporation | 673.21 | 31.37 | 4.66 |
| **Total** | **6227.50** | **347.35** | **5.58** |

*Source: Budget document 2017-18/Planspace/Sulekha.*